## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.410 24-01-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി. സതീശൻ | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് നടപടി

| | | |
|---|---|---|
| (എ) | ഈ സർക്കാറിന്റെ കാലത്തെ ധൂർത്തും അനാവശ്യ ചെലവുകളും സാമ്പത്തിക പ്രതിസന്ധി ഒരു പരിധി വരെ രൂക്ഷമാക്കുവാൻ കാരണമായിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ; | ഇല്ല |
| (ബി) | സംസ്ഥാനത്തിന്റെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നത് കുറയ്ക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; അവ ഫലപ്രദമായിട്ടുണ്ടോ ; | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്കു സേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിത ത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യൂ ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവർത്തിദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം |
| (സി) | ധവളപത്രത്തിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിലെ വർദ്ധനവ് എത്ര ശതമാനമായിരുന്നു ; പ്രസ്തുത വർദ്ധനവ് നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ ; | |
| (ഡി) | ചെലവ് കുറയ്ക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും എന്തൊക്കെ ശക്തമായ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | |

| | | |
|---|---|---|
| | | മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവർത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുനക്രമീകരിച്ചു. ഇതുകൂടാതെ ചരക്കു സേവന നികുതിയുടെ ഭാഗമായ എസ്.ജി. എസ്.ടിയുടെ ഗണ്യമായ പങ്കും മാസത്തിന്റെ പകുതിയ്ക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യു നഷ്ടത്തിനുള്ള നഷ്ട പരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന Resource Gap ഉം ലിക്വിഡിറ്റി പ്രതിസന്ധിയും പരിഹരിക്കുന്നതിനായി പൊതു വിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കി യുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്.<br>ധനദൃഢീകരണം സാധ്യമാകണമെങ്കിൽ വരുന്ന അഞ്ചുവർഷവും നികുതി വരുമാനം 20-25% നിരക്കിൽ വളരേണ്ടതുണ്ട് എന്നാണ് ധവളപത്രത്തിൽ വിലയിരുത്തിയിരുന്നത്. എന്നാൽ അപ്രതീക്ഷിതമായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നോട്ട് നിരോധനവും തിടുക്കത്തിലും വേണ്ട |

| | | |
|---|---|---|
| | | മുന്നൊരുക്കത്തോടുകൂടിയുമല്ലാതെ നടപ്പിലാക്കിയ ജി.എസ്.ടി.യും മേൽ പ്രസ്താവിച്ച നികുതി വളർച്ച കൈവരിക്കുവാനുള്ള സർക്കാർ ശ്രമത്തിന് വിഘാതമായിട്ടുണ്ട്. നോട്ട് നിരോധനത്തിന്റെ ഫലമായി ചെറുകിട-അസംഘടിത മേഖലയിലുണ്ടായ മുരടിപ്പ് ഇപ്പോഴും തുടരുന്നതും ചരക്കുസേവന നികുതിയിൽനിന്നും പ്രതീക്ഷിച്ച വളർച്ചയിലുള്ള വരുമാനം ലഭിക്കാതിരിക്കുന്നതും സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളിയാണ്. ഈ പരിമിതികൾക്കിടയിലും മുൻഖണ്ഡികയിൽ വിവരിച്ചിരിക്കുന്ന നടപടികളുടെ ഫലമായി 2017-18 നവംബർ 30 വരെയുള്ള കാലയളവിൽ (അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം) പദ്ധതി ചെലവിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 20.35%-ഉം പദ്ധതിയേതര ചെലവിൽ 22.16%-ഉം വളർച്ച നേടുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നിലവിലെ വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിലൂടെ അനാവശ്യ ചെലവുകൾ ഒരു പരിധിവരെ കുറയ്ക്കുവാൻ ശ്രമിക്കുന്നതാണ്. അതേസമയം സാമൂഹ്യക്ഷേമ ചെലവുകളിൽ വെട്ടിക്കുറവോ പിടിച്ചു വെയ്ക്കലോ ഉണ്ടാകില്ല. |

സെക്ഷൻ ഓഫീസർ